**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 22962/AD A1-3/2022/എ ഡി എ 1 തീയതി: 26.02.2022

പ്രിയദർശിനി ഹിൽസ്

**സർക്കുലർ**

വിഷയം:- ഭരണകാര്യം: സർവ്വകലാശാല ക്യാമ്പസിൽ പോസ്റ്ററുകളും, ബാനറുകളും മറ്റ് പ്രചാരണ സാമഗ്രികളും സ്ഥാപിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1. 10.02.2022 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവോടു കൂടിയ 702/01/014/2022 നമ്പർ കുറിപ്പ്.
2. 22962/AD A1-3/2022/AD A1 നമ്പർ ഫയലിന്മേലുള്ള 19.02.2022 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

സർവ്വകലാശാല ക്യാമ്പസിൽ പോസ്റ്ററുകളും ബാനറുകളും മറ്റ് പ്രചാരണ സാമഗ്രികളും സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർവകലാശാലയിലെ അദ്ധ്യാപക/അനദ്ധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, സ്റ്റുഡന്റ്സ് യൂണിയൻ,പഠന വകുപ്പുകൾ, വിമൻസ് ഫോറം, മറ്റ് കലാ-സാംസ്കാരിക സംഘടനകൾ തുടങ്ങിയവയ്ക്ക് ബാധകമാകുന്ന താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സൂചന 1, 2 പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ക്യാമ്പസിൽ പോസ്റ്ററുകൾ, ബാനറുകൾ മറ്റ് പ്രചാരണസാമഗ്രികൾ എന്നിവ സ്ഥാപിക്കുന്നതിന് നിർദ്ദിഷ്ട സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ തന്നെ ഉപയോഗപ്പെടുത്തേണ്ടതാണ്.
2. സർവ്വകലാശാല സമൂഹത്തിന് പൊതുവിൽ ബാധകമാവുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട പോസ്റ്ററുകൾ, ബാനറുകൾ, മറ്റ് പ്രചാരണ സാമഗ്രികൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് മുൻകൂർ അനുമതി തേടേണ്ടതാണ്. അനുമതി കൂടാതെ, അനധികൃതമായി സ്ഥാപിക്കുന്ന പ്രചാരണസാമഗ്രികൾ സെക്യൂരിറ്റി വിഭാഗം ഉടനടി നീക്കം ചെയ്യേണ്ടതാണ്.
3. അനുമതിയോടു കൂടി സ്ഥാപിക്കപ്പെടുന്ന ബോർഡുകൾ, ബാനറുകൾ മുതലായവ വിഷയവുമായി ബന്ധപ്പെട്ട ആവശ്യകത തീരുന്ന മുറക്ക്/നിശ്ചിത സമയപരിധിക്ക് ശേഷം നീക്കം ചെയ്യുമെന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഇത് പാലിക്കപ്പെടുന്നുവെന്ന് സെക്യൂരിറ്റി വിഭാഗവും ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സ്കൂളുകൾ/ സെൻററുകൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/ അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. സെക്യൂരിറ്റി ഓഫീസർ
6. പി.ആർ.ഒ./ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി./ ഐ.ടി സെൽ
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #6 of File 22962/AD A1-3/2022/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 26-Feb-2022 02:19 PM - Page 1